**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2015** **09-02-2023 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി-പെരിങ്ങത്തൂർ എയർ പോർട്ട് റോഡ് അലൈൻമെന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ കെ വിജയൻ** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | നാദാപുരം മണ്ഡലത്തിൽ കൂടി കടന്നുപോകുന്ന കുറ്റ്യാടി-പെരിങ്ങത്തൂർ എയർ പോർട്ട് റോഡ് അലൈൻമെന്റ് സർക്കാർ അപ്രൂവ് ചെയിതിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (എ) | നാദാപുരം മണ്ഡലത്തിൽ കൂടി കടന്നു പോകുന്ന കുറ്റ്യാടി പെരിങ്ങത്തൂർ എയർപോർട്ട് റോഡ് അലൈൻമെന്റ് സർക്കാർ തലത്തിൽ അപ്രൂവൽ നൽകിയിട്ടില്ല. 30.12.2017-ലെ സ.ഉ(കൈ) നം.74/2017/പൊ.മ.വ പ്രകാരം, കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് കണക്ടിവിറ്റി റോഡ് പാക്കേജിന് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പാക്കേജിലുൾപ്പെടുന്ന കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി മുതൽ കണ്ണൂർ ജില്ലയിലെ മട്ടന്നൂർ വരെയുള്ള 53.15 കി.മീ. ദൈർഘ്യമുള്ള റോഡിന്റെ വിശദ പദ്ധതി രേഖ തയ്യാറാക്കുന്നതിനായി ബാംഗ്ലൂർ ആസ്ഥാനമായ IDeCK എന്ന സ്ഥാപനത്തെ ചുമതലപെടുത്തിയിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി മുതൽ നാദാപുരം വരെയുള്ള ഭാഗം നഗരപ്രദേശങ്ങളിൽ കൂടിയാണ് കടന്നുപോകുന്നത്. IDeCK തയ്യാറാക്കിയ അലൈൻമെന്റ് പ്രകാരം 24 മീറ്റർ വീതിയിലാണ് റോഡ് നിർമ്മാണം വിഭാവനം ചെയ്യിരിക്കുന്നത്. പ്രസ്തുത റോഡിന് വേണ്ടി 24 മീറ്റർ വീതിയിൽ സ്ഥലം ഏറ്റെടുക്കുമ്പോൾ നിരവധി പേർ ഭവനരഹിതരാവുമെന്നും ആകയാൽ കുറ്റ്യാടി ബൈപ്പാസ്, നിലവിലെ സ്റ്റേറ്റ് ഹൈവേ എന്നിവ വൺവേ ആയി നിലനിർത്തി ഏറ്റെടുക്കേണ്ടിവരുന്ന ഭൂമിയിൽ കുറവ് വരുത്തി പദ്ധതി നടപ്പിലാക്കുന്നതിനുള്ള സാധ്യത പരിശോധിക്കണമെന്ന് ബഹു.നാദാപുരം, കുറ്റ്യാടി എം.എൽ.എ-മാരുടെ നേതൃത്വത്തിൽ ചേർന്ന സർവ്വകക്ഷി യോഗത്തിൽ തീരുമാനിക്കുകയുണ്ടായി. കുറ്റ്യാടിയിൽ നിലവിൽ RBDCK 12 മീറ്റർ വീതിയിൽ നിർമ്മിക്കുവാനുദ്ദേശിക്കുന്ന കുറ്റ്യാടി ബൈപ്പാസ്സിന്റെ സ്ഥലം ഏറ്റെടുക്കൽ നടപടികൾ പുരോഗതിയിലാണ്. 12 മീറ്റർ സ്ഥലമെടുപ്പ് നടത്തുന്ന അതേ സ്ഥലത്ത് വീണ്ടും 24 മീറ്ററായി |

| | | | |
|---|---|---|---|
| | | | സ്ഥലമേറ്റെടുക്കൽ നടത്തി വികസിപ്പിക്കുന്നതിന് പ്രാദേശികമായി എതിർപ്പുകളും പ്രസ്തുത യോഗത്തിൽ ഉയർന്നിരുന്നു. മേൽ വിഷയം സംബന്ധിച്ച് 13.07.2022-ൽ പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി ബഹു.നാദാപുരം, കുറ്റ്യാടി എം.എൽ.എ-മാരുടെ സാന്നിദ്ധ്യത്തിൽ ഒരു യോഗം ചേരുകയുണ്ടായി. ഈ വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) | എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ? | (ബി) | നാദാപുരം മണ്ഡലത്തിൽ കൂടി കടന്നു പോകുന്ന കുറ്റ്യാടി പെരിങ്ങത്തൂർ എയർപോർട്ട് റോഡ് അലൈൻമെന്റ് സർക്കാർ തലത്തിൽ അപ്രൂവൽ നൽകിയിട്ടില്ല. 30.12.2017-ലെ സ.ഉ(കൈ) നം.74/2017/പൊ.മ.വ പ്രകാരം, കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് കണക്റ്റിവിറ്റി റോഡ് പാക്കേജിന് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പാക്കേജിലുൾപ്പെടുന്ന കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി മുതൽ കണ്ണൂർ ജില്ലയിലെ മട്ടന്നൂർ വരെയുള്ള 53.15 കി.മീ. ദൈർഘ്യമുള്ള റോഡിന്റെ വിശദ പദ്ധതി രേഖ തയ്യാറാക്കുന്നതിനായി ബാംഗ്ലൂർ ആസ്ഥാനമായ IDeCK എന്ന സ്ഥാപനത്തെ ചുമതലപെടുത്തിയിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി മുതൽ നാദാപുരം വരെയുള്ള ഭാഗം നഗരപ്രദേശങ്ങളിൽ കൂടിയാണ് കടന്നുപോകുന്നത്. IDeCK തയ്യാറാക്കിയ അലൈൻമെന്റ് പ്രകാരം 24 മീറ്റർ വീതിയിലാണ് റോഡ് നിർമ്മാണം വിഭാവനം ചെയ്തിരിക്കുന്നത്. പ്രസ്തുത റോഡിന് വേണ്ടി 24 മീറ്റർ വീതിയിൽ സ്ഥലം ഏറ്റെടുക്കുമ്പോൾ നിരവധി പേർ ഭവനരഹിതരാവുമെന്നും ആകയാൽ കുറ്റ്യാടി ബൈപ്പാസ്, നിലവിലെ സ്റ്റേറ്റ് ഹൈവേ എന്നിവ വൺവേ ആയി നിലനിർത്തി ഏറ്റെടുക്കേണ്ടിവരുന്ന ഭൂമിയിൽ കുറവ് വരുത്തി പദ്ധതി നടപ്പിലാക്കുന്നതിനുള്ള സാധ്യത പരിശോധിക്കണമെന്ന് ബഹു.നാദാപുരം, കുറ്റ്യാടി എം.എൽ.എ-മാരുടെ നേതൃത്വത്തിൽ ചേർന്ന സർവ്വകക്ഷി യോഗത്തിൽ തീരുമാനിക്കുകയുണ്ടായി. കുറ്റ്യാടിയിൽ നിലവിൽ RBDCK 12 മീറ്റർ വീതിയിൽ നിർമ്മിക്കുവാനുദ്ദേശിക്കുന്ന കുറ്റ്യാടി ബൈപ്പാസ്സിന്റെ സ്ഥലം ഏറ്റെടുക്കൽ നടപടികൾ പുരോഗതിയിലാണ്. 12 മീറ്റർ സ്ഥലമെടുപ്പ് നടത്തുന്ന അതേ സ്ഥലത്ത് വീണ്ടും 24 മീറ്ററായി സ്ഥലമേറ്റെടുക്കൽ നടത്തി വികസിപ്പിക്കുന്നതിന് പ്രാദേശികമായി എതിർപ്പുകളും പ്രസ്തുത യോഗത്തിൽ ഉയർന്നിരുന്നു. മേൽ വിഷയം സംബന്ധിച്ച് 13.07.2022-ൽ പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി ബഹു.നാദാപുരം, കുറ്റ്യാടി എം.എൽ.എ-മാരുടെ |

| | | | |
|---|---|---|---|
| | | | സാന്നിദ്ധ്യത്തിൽ ഒരു യോഗം ചേരുകയുണ്ടായി. ഈ വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ